സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവില്പന

72 (1776) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് മദ്യം, ബിയർ, വൈൻ തുടങ്ങിയവ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) മദ്യത്തിനും ബിയറിനും വൈനിനും ഏതെല്ലാം തീയതികളിൽ എത്ര ശതമാനം വീതം നിരക്ക് വർദ്ധന കമ്പനികൾക്ക് അനുവദിച്ചു കൊടുക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(സി) നിലവിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ ഇനങ്ങളിൽ നിലവിൽ എത്ര ശതമാനം തുക വീതം ഖജനാവിലേക്ക് ലഭിക്കുന്നുണ്ട് ; ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്ന വിലയും വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ 2015 ഏപ്രിൽ മാസം മുതൽ മെയ് മാസം വരെ മദ്യം, ബിയർ, വൈൻ എന്നിവ വാങ്ങിയ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I(a)-യും I(b)-യും ആയി ചേർത്തിരിക്കുന്നു.*

(ബി)കമ്പനികൾക്ക് മദ്യത്തിനും ബിയറിനും വൈനിനും അനുവദിച്ച് നൽകിയ നിരക്കു വർദ്ധനയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2013-14, 2014-15 എന്നീ വർഷങ്ങളിൽ മദ്യം, ബിയർ, വൈൻ തുടങ്ങിയവയുടെ വിൽപ്പനയിലൂടെ സർക്കാർ ഖജനാവിലേക്ക് അടച്ച നികുതി ചുവടെ ചേർക്കുന്നു :

സർക്കാർ ഖജനാവിലേക്ക് വിൽപ്പന നികുതി ഇനത്തിൽ അടച്ച തുക (രൂപ കോടിയിൽ)

വർഷം	മൊത്തം തുക	IMFL	%	ബിയർ & വൈൻ	%
2013-14	5797.44	5445.42	93.92	352.02	6.08
2014-15	6564.19	6171.26	94.01	392.93	5.99
2015-16 (ഏപ്രിൽ-മേയ്)	1329.99	1187.94	89.32	142.04	10.68

ബിവറേജസ് കോർപ്പറേഷൻ വാങ്ങുന്ന വിലയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന വിലയും അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly